പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2516 18.06.2014 ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളെ തൊഴിൽ രംഗത്ത് ചൂഷണം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. Inter State Migrant Workmen (Regulation of Employment & Conditions of Service) Act 1979 പ്രകാരം അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ ജോലി ചെയ്യിക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ തൊഴിലുടമയെയും കരാറുകാരനെയും കൊണ്ട് നിർബന്ധമായും എടുപ്പിച്ച് തൊഴിലാളികൾക്ക് നിയമാനുസൃതം നൽകേണ്ടതായ എല്ലാ സൗകര്യങ്ങളും പരിരക്ഷയും ഉറപ്പുവരുത്താനും വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാവേളയിൽ ശ്രദ്ധിക്കുന്നുണ്ട്. ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | 2013 – 14 വർഷം പത്തനംതിട്ട ജില്ലയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | അവരുടെ സുരക്ഷിതത്വവും ആരോഗ്യപരമായ താമസം ഉറപ്പാക്കുന്നതിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി ജോലിചെയ്യുന്നിടത്തും അവരുടെ താമസ സ്ഥലങ്ങളിലും തൊഴിൽ വകുപ്പിന്റെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും പരിശോധനാവേളകളിൽ ഇവർക്ക് നിയമാനുസൃതമായ താമസസൗകര്യം, വേതനം, അവധി, സുരക്ഷാ ഉപകരണങ്ങൾ മുതലായ പരിരക്ഷകൾ തൊഴിലുടമയിൽ നിന്നും കരാറുകാരിൽ നിന്നും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുമുണ്ട്. ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ജില്ലകൾ തോറും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യമായി മരുന്ന് വിതരണം നൽകുകയും, കിലെയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ആഫീസർ.